**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് ഔട്ട്ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിലുള്ള മത്സ്യഫെഡ് ഔട്ട്ലെറ്റുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യഫെഡിന്റെ ഔട്ട് ലെറ്റുകൾ കുന്നിക്കോട്, റാന്നി, തൊടുപുഴ, പൈക, ചടയമംഗലം, കുരിയച്ചിറ എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കേടുവരാത്തതും ഗുണമേന്മയുള്ളതുമായ മത്സ്യങ്ങൾ മത്സ്യഫെഡ് ഔട്ട്ലെറ്റുകൾ വഴി വിതരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | ലാന്റിംഗ് സെന്ററുകൾ/ ഹാർബറുകളിൽ നിന്നും മത്സ്യം നേരിട്ട് ശേഖരിച്ച് മത്സ്യ സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ച് അവിടെ നിന്നും ഗുണമേന്മ ഉറപ്പാക്കി മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ, സഹകരണ സംഘം/ ബാങ്കിന്റെ ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ മത്സ്യം ഫിഷ്മാർട്ടുകൾക്ക് എത്തിക്കുന്നതിനായി പഫ് ഇൻസുലേഷനോടുകൂടിയ 5 വാഹനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അന്നന്നുള്ള മത്സ്യം അന്നന്നു തന്നെ എത്തിക്കുന്നതിനായി 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. |
| (സി) | മത്സ്യഫെഡ് കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജക മണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട് |

| | | | |
|---|---|---|---|
| | | | ലെറ്റുകൾ സ്ഥാപിക്കുവാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ